**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5450** **28.07.2015- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കൃഷി ഓഫീസർമാരുടെ ഒഴിവുകളും കാർഷിക വിളകളുടെ നാശനഷ്ടവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആകെ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ: | (എ) സംസ്ഥാനത്ത് കൃഷിവകുപ്പിൽ ആകെ 113 കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. |
| ബി) കൃഷി ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കമോ? | (ബി) കൃഷി ഓഫീസർമാരില്ലാത്ത കൃഷി ഭവനുകളുടെ ചുമതല സമീപ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ ഒഴിവുകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ